**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ വിളയിൽമൂല പുത്തൻവിള അംഗനവാടിയ്ക്കും, എ.കെ നഗർ അംഗനവാടിയ്ക്കും കെട്ടിടം നിർമ്മിക്കുന്നത്- ഭരണാനുമതി നൽകി - ഉത്തരവ്- പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ)നം. 426/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.02.2017

പരാമർശം : 1) സ.ഉ (അച്ചടി) 332/2012/ധന, തീയതി 11/06/2012.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 05.10.2016 ലെ ഡി.ബി.1/9372/16/സിഇ/2016/തസ്വഭവ(1) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ശ്രീ. വി. ശശി എം.എൽ.എയുടെ (ഡെപ്യൂട്ടി സ്പീക്കർ, നിയമസഭ) ആസ്തി വികസന പദ്ധതിയിൻകീഴിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിലെ വിളയിൽമൂല പുത്തൻവിള അംഗനവാടിയ്ക്കും, എ.കെ നഗർ അംഗനവാടിയ്ക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ, യഥാക്രമം 14,50,000/- രൂപ 15,00,000/- ലക്ഷം രൂപാ വീതമുള്ള രണ്ട് എസ്റ്റിമേറ്റുകൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും departmental formalities-ഉം പാലിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ശ്രീ. വി. ശശി എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ വിളയിൽമൂല പുത്തൻവിള അംഗനവാടിയ്ക്കും കടയ്ക്കാവൂർ എ.കെ നഗർ അംഗനവാടിയ്ക്കും കെട്ടിടം നിർമ്മിക്കുന്നതിന് യഥാക്രമം 14,50,000/- രൂപ 15,00,000/- ലക്ഷം രൂപാ വീതം ആകെ 29,50,000 രൂപ (രൂപ ഇരുപത്തൊമ്പത് ലക്ഷത്തിയൻപതിനായിരം മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ഗവ. ജോയിന്റ് സെക്രട്ടറി

ഡെപ്യൂട്ടി സ്പീക്കർറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്, നിയമസഭ. (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള.
സെക്രട്ടറി, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (യു.ഒ.നം. 286/എൻ.സി.ബി.2/2016/ധന തീയതി,04.01.2017)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം.ഇ-330/ഇപിഎ 3/2016)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ